പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**മിഷൻ 676**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1523 — 04.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, എം.എ. വാഹിദ്<br>,, ടി.എൻ. പ്രതാപൻ<br>,, ഷാഫി പറമ്പിൽ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | ഗ്രാമ വികസനത്തിന് മിഷൻ 676 മുഖേന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതികൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (സി) | പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കാലേക്കൂട്ടിതന്നെ വാർഷിക പദ്ധതികൾ തയ്യാറാക്കുകയും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

## ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനങ്ങൾ

**PMGSY**

1. പണി പുരോഗതിയിലുള്ള 61 റോഡുകൾ (150 കി.മീ.) 100 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കും. PMGSY-II ൽ 570 കി.മീ. റോഡിന്റെ ഡി.പി.ആർ. 100 ദിവസത്തിനകം പൂർത്തിയാക്കി കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് അംഗീകാരം വാങ്ങും.
2. മൊത്തം 548 റോഡുകൾ (1308 കി.മീ.) 676 ദിവസത്തിനുള്ളിൽ പൂർത്തിയാക്കും. PMGSY-II ൽ ആകെ ലഭിക്കുന്ന പ്രോജക്ടിലെ റോഡുപണി 676 ദിവസത്തിനകം പൂർത്തിയാക്കും.

**MGNREGS**

3. ജലസംരക്ഷണം, നീർത്തടപരിപാലനം, സൂക്ഷ്മ ചെറുകിട ജലസേചനം, മരംവച്ചു പിടിപ്പിക്കൽ, ഭൂവികസനം, മൃഗസംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിൽ 100 ദിവസത്തിനുള്ളിൽ 8.8ലക്ഷം തൊഴിൽ ദിനങ്ങളും 676 ദിവസത്തിനുള്ളിൽ 1400 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കും.
4. 500 ഗ്രാമപഞ്ചായത്തിലും 100 ബ്ലോക്കു പഞ്ചായത്തിലും രാജീവ്ഗാന്ധി സേവാകേന്ദ്രത്തിന്റെ പണി പൂർത്തിയാക്കും.
5. ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെ ഒരു ഗ്രാമപഞ്ചായത്തിന് ശരാശരി 100 മഴക്കുഴി വീതം ആകെ സംസ്ഥാനത്ത് 1 ലക്ഷം മഴക്കുഴികൾ നിർമ്മിച്ചു ഭൂഗർഭജല ലഭ്യത വർദ്ധിപ്പിക്കുവാനുള്ള പദ്ധതി 676 ദിവസം കൊണ്ടു പൂർത്തിയാക്കും.

**IAY**

6. 100 ദിവസ കാലയളവിൽ 10000 വീടുകളും, 676 ദിവസ കാലയളവിൽ 1 ലക്ഷം വീടുകളും പൂർത്തീകരിക്കുന്നതാണ്.

**BLOCK PANCHAYAT BUILDING**

7. പുതുതായി അനുവദിച്ച കാറഡുക്ക, പരപ്പ, കല്യാശ്ശേരി, പാനൂർ, പനമരം, കാളികാവ് ബ്ലോക്കുകളിൽ 2 കോടി രൂപാ വീതം ചെലവിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം 676 ദിവസത്തിനകം പൂർത്തീകരിക്കുന്നതാണ്.